പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2736</u> <u>27-01-2014 - ൽ മറുപടിയ്ക്ക്</u>

**<u>മാവേലിക്കര കോട്ടത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തനം</u>**

| <u>ചോദ്യം</u><br>**ശ്രീ.ആർ.രാജേഷ് :** | <u>മറുപടി</u><br>**ശ്രീ. പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| (എ) മാവേലിക്കര കോട്ടത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനായി ഉദ്ദേശം 212 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയെങ്കിലും കോട്ടത്തോടിലെ കൈയ്യേറ്റം ഒഴിപ്പിക്കാത്തതിനാൽ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. മാവേലിക്കര മുനിസിപ്പാലിറ്റി, റവന്യൂ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ മാത്രമെ അതിർത്തി നിശ്ചയിയ്ക്കാനും കയ്യേറ്റം ഒഴിപ്പിക്കുവാനും സാധിക്കുകയുള്ളൂ. കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനായാൽ പുനരുദ്ധാരണത്തിനായിട്ടുള്ള മേൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) പാറ്റൂർ കുടിവെള്ളപദ്ധതി ജനുവരി 30-നു മുമ്പ് കമ്മീഷൻ ചെയ്യുമോ; കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) പാറ്റൂർ കുടിവെള്ള പദ്ധതി ജനുവരി 30 നു മുമ്പ് കമ്മീഷൻ ചെയ്യില്ല.<br><br>പാറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ചില അത്യാവശ്യ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള സമയം കൂടി ആവശ്യമാണ്. കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതിയുടെ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള LT കണക്ഷൻ പോരാത്തതിനാൽ HT കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തെ ജലവിഭവവകുപ്പ് അവഗണിക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ.